**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **30-06-2022 - ൽ മറുപടിയ്ക്ക്**

**സംരക്ഷിത വനമേഖലക്ക് ചുറ്റുമുള്ള ബഫർസോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംരക്ഷിത വനമേഖലക്ക് ചുറ്റുമുള്ള ബഫർസോൺ സംബന്ധിച്ച് 2015-ലെ സർക്കാർ കേന്ദ്രത്തിന് നിർദേശം സമർപ്പിച്ചിരുന്നോ ; വിശദാംശം നൽകുമോ;പ്രസ്തുത നിർദ്ദേശത്തിൽ നിന്ന് വ്യത്യസ്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി 2019-ൽ പുതുക്കിയ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംരക്ഷിത വനമേഖലയ്ക്ക് ചുറ്റുമുള്ള ബഫർസോൺ സംബന്ധിച്ച പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാർ 13.05.2013-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലുകളിൽ 11 എണ്ണത്തിൽ കൃത്യമായ കളർ കോഡിലുള്ള ഭൂപടങ്ങൾ ഉൾപ്പെടുത്തി വീണ്ടും സമർപ്പിക്കുന്നതിന് 12.07.2017 ലെ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. അപ്രകാരം മാറ്റങ്ങൾ വരുത്തിയ 11 പ്രൊപ്പോസലുകളാണ് 2019 ഫെബ്രുവരി മാസത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സംസ്ഥാന സർക്കാരിന് സമർപ്പിച്ചത്. മറ്റ് മാറ്റങ്ങളൊന്നും 2019 ഫെബ്രുവരി മാസത്തിൽ സമർപ്പിച്ച പ്രൊപ്പോസലുകളിൽ വരുത്തിയിരുന്നില്ല.<br><br>2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയ കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതി ലോല / ദുർബ്ബലമായ വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. തുടർന്നുള്ള മൺസൂൺ കാലത്ത് ഉണ്ടായ മണ്ണിടിച്ചിലും മറ്റു വിപത്തുകളും ഇത് അടിവരയിടും. അതിനാൽ അനധികൃത നിർമ്മാണം പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെ കുറിച്ചുള്ള പുതിയ തീരുമാനങ്ങൾ |

| | | | |
|---|---|---|---|
| | | | എടുക്കേണ്ടതായി വന്നു. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് അംഗീകാരം നൽകിയതിനെ തുടർന്നാണ് 03.01.2020-ൽ മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചത്.<br><br>**28.09.2020 ൽ ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന/വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും, ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയച്ചു കൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതു പ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്.** |
| (ബി) | ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച് 2019 ഫെബ്രുവരി മാസത്തിൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സംസ്ഥാന സർക്കാരിന് സമർപ്പിച്ച നിർദ്ദേശത്തിൽ ബഫർ സോണുകൾ സംബന്ധിച്ച വ്യവസ്ഥ എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) | **2013 ൽ സമർപ്പിച്ച പ്രൊപ്പോസലുകളിൽ 11 എണ്ണത്തിൽ കൃത്യമായ കളർ കോഡിലുള്ള ഭൂപടങ്ങൾ ഉൾപ്പെടുത്തി വീണ്ടും സമർപ്പിക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 12.07.2017 ലെ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. അപ്രകാരം മാറ്റങ്ങൾ വരുത്തിയ 11 പ്രൊപ്പോസലുകളാണ് 2019 ഫെബ്രുവരി മാസത്തിൽ** |

| | | | |
|---|---|---|---|
| | | | **പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, സംസ്ഥാന സർക്കാരിന് സമർപ്പിച്ചത്. മറ്റ് മാറ്റങ്ങളൊന്നും 2019 ഫെബ്രുവരി മാസത്തിൽ സമർപ്പിച്ച പ്രൊപ്പോസലുകളിൽ വരുത്തിയിരുന്നില്ല.** |
| (സി) | പ്രസ്തുത നിർദ്ദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരു കിലോമീറ്റർ പ്രദേശം ബഫർ സോണിൽ നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് 2019 ഒക്ടോബർ 23-ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനമെടുക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ ? | (സി) | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച കരട് പ്രൊപ്പോസലുകളിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോസെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് നിലവിലുള്ള വന പ്രദേശങ്ങൾ മാത്രം ഉൾപ്പെടുത്തി ഉള്ളതായിരുന്നു. ഈ കാര്യം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായുള്ള ബഹു. സുപ്രീം കോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കണമെന്നില്ല.<br><br>2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയ കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതി ലോല/ദുർബ്ബലമായ വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. തുടർന്നുള്ള മൺസൂൺ കാലത്ത് ഉണ്ടായ മണ്ണിടിച്ചിലും മറ്റു വിപത്തുകളും ഇത് അടിവരയിട്ടു. അതിനാൽ അനധികൃത നിർമ്മാണം പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെ കുറിച്ചുള്ള പുതിയ തീരുമാനങ്ങൾ എടുക്കേണ്ടതായി വന്നു. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31.10.2019 ലെ സ.ഉ. (കൈ) നം. 29/2019/വനം പ്രകാരം അംഗീകാരം നൽകിയതിനെ തുടർന്നാണ് 03.01.2020-ൽ മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചത്.<br><br>28.09.2020 ൽ ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന/വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും, ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയച്ചു കൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതു പ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ